


# പ്രശ്നം പ്രതിവിധി

M.B. അബ്ദുൽ ഖാദിർ മൗലവി ★ C.A. മൂസാ മൗലവി മുവാറ്റുപുഴ

**ഷെമീർ മൗലവി നെല്ലിക്കുഴി**

? ജമാഅത്ത് നമസ്ക്കാരങ്ങൾക്ക് ശേഷം ദിക്റ് ദുആകൾ നീട്ടുന്നുത് മഅ്മൂമുകൾക്ക് പ്രായസമായാൽ ഇമാം അവ ചുരുക്കേണ്ടതല്ലേ? വ്യക്തമായ മറുപടി നൽകാൻ താൽപ്പര്യപ്പെടുന്നു.

✔ ഇവ്വിഷയകമായി ഫതാവൽ കുർദിയിൽ വന്ന മറുപടി ഇങ്ങനെ സംഗ്രഹിക്കാം. “നമസ്ക്കാരശേഷമുള്ള ദിക്റ് ദുആകൾ സംബന്ധിച്ച് പിൽക്കാല പണ്ഡിതന്മാരുടെ വിവരണങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ഇമാമിന് അവ നിരുപാധികം നീട്ടാമെന്നാണ്. കാരണം സലാമോടുകൂടി തുർച്ച അവസാനിച്ചതിനാൽ നീട്ടൽ സംബന്ധമായുള്ള ഉപാധികളൊന്നും ഇമാമിന് ബാധകമല്ല.

എന്നാൽ മുഹിമ്മാത്തിലുള്ളത് മഅ്മൂമീങ്ങളുടെ സാന്നിധ്യത്തിൽ അവ ചുരുക്കൽ ഇമാമിന് സുന്നത്താകുമെന്നാണ്. ഇതാണ് വാസ്തവം. ഇക്കാര്യം ശൈഖുൽ ഇസ്ലാം ഉദ്ധരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നീട്ടൽ സുന്നത്തുള്ളത് ഒറ്റക്ക് നമസ്ക്കരിക്കുന്നവർക്കും മഅ്മൂമിനുമാണെന്ന സുബ്ക്കിയുടെ വാക്കുകളുടെ സൂചനയും ഇത് തന്നെയാണ്. നമസ്ക്കാര സ്ഥലത്തുനിന്ന് ഇമാം എഴുന്നേറ്റ ശേഷമേ മഅ്മൂം എഴുന്നേൽക്കാവൂ എന്നും അത് സുന്നത്താണെന്നുമുള്ള പണ്ഡിതാഭിപ്രായവും ഇതിനെ ബലപ്പെടുത്തുന്നുണ്ട്. എന്നു മാത്രമല്ല ഇമാമിന് മുമ്പേ മഅ്മൂം എഴുന്നേറ്റ് പോകൽ കറാഹത്താണെന്ന് ഇബ്നുഹജർ വ്യക്തമാക്കിയിട്ടുമുണ്ട്. ആകയാൽ ഇമാമിന്റെ സുദീർഘമായ ദിക്ർ ദുആകൾ മഅ്മൂമിനെ പ്രയാസപ്പെടുത്തുകയോ അയാൾ കറാഹത്ത് ചെയ്യാൻ ഇടയാക്കുകയോ ചെയ്യുന്നതാണ്.(ഫതാവൽ കുർദി/57) ഇതിൽ നിന്നും മഅ്മമൂമീങ്ങളെ പ്രയാസപ്പെടുത്താതെ ദിക്ർ ദുആകൾ കൊണ്ടുവരികയാണ് വേണ്ടതെന്ന് മനസ്സിലാക്കാം.

**ഷിജാസ് അടിമാലി**

? ഖുർആൻ പാരായണം കഴിയുമ്പോൾ “സ്വദഖല്ലാഹ്” എന്ന് പറയാറുണ്ട്. ചിലർ പറയുന്നത് ഖതം തീരുമ്പോഴേ ഇത് പറയേണ്ടതുള്ളൂ എന്നാണ്. ഇക്കാര്യത്തിൽ എന്താണ് വേണ്ടത്. തെളിവു സഹിതം മറുപടി താൽപ്പര്യപ്പെടുന്നു.

✔ ഖുർആൻ പാരായണത്തിന്റെ ആദാബുകൾ പത്തെണ്ണമാണ്....... എട്ട്: തുടക്കത്തിൽ അഊദു ഓതുകയും പാരായണം കഴിയുമ്പോൾ “സ്വദഖല്ലാഹു തആലാ വസ്വദഖ റസൂലുല്ലാഹി (സ്വ)” എന്ന് പറയുകയും വേണം. (ഇഹ്യാ 1/388) ഇതിൽ നിന്നും ഖതം തീരുമ്പോൾ മാത്രമല്ല ഖുർ ആൻ ഓതുന്നവർ അത് അവസാനിപ്പിക്കുമ്പോഴെല്ലാം ഇപ്രകാരം പറയൽ ആദാബുകളിൽപെട്ടതാണെന്ന് മനസ്സിലാക്കാം.

*സംശയങ്ങൾ അയക്കേണ്ട വിലാസം*

**സി.എ. മൂസാ മൗലവി**
റഷീദിയ്യ ഇസ്ലാമിക് അക്കാദമി
അല്ലപ്ര പി.ഒ., കണ്ടന്തറ പെരുമ്പാവൂർ. പിൻ: 683556

**ചോദ്യ കർത്താക്കൾ പൂർണ്ണ വിലാസവും ടെലഫോൺ നമ്പറും എഴുതേണ്ടതാണ്.**